പ്ലാച്ചിമട സമരസമിതിയുടെ സ്ഥാനാർത്ഥിയല്ലെങ്കിലും സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി പെരുമാട്ടി പഞ്ചായത്തിലേക്ക് മത്സരിക്കുന്നുണ്ട്. പ്ലാച്ചിമട സമരത്തിൽ ഈ സ്ഥാനാർത്ഥിത്വം പ്രതിഫലനങ്ങൾ സൃഷ്ടിക്കുമോ?

# രാഷ്ട്രീയ ഫാസിസത്തിനെതിരായ പോരാട്ടം

## വിളയോടി വേണുഗോപാൽ / നീതുദാസ്

**തദ്ദേശസ്വയംഭരണ** തെരഞ്ഞെടുപ്പിൽ പ്ലാച്ചിടമ കൊക്കക്കോള വിരുദ്ധ സമരത്തിന്റെ പ്രതിനിധികൾ മത്സരിക്കുന്നില്ലെങ്കിലും സമരസമിതിയുടെ ചെയർമാനായ വിളയോടി വേണുഗോപാൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി പ്ലാച്ചിമട ഉൾപ്പെടുന്ന പെരുമാട്ടി പഞ്ചായത്തിലെ 8–ാം വാർഡിൽ മത്സരിക്കുന്നുണ്ട്. സമരസമിതിയുടെ സ്ഥാനാർത്ഥിയല്ലെങ്കിലും വിളയോടി വേണുഗോപാലിന്റെ സ്ഥാനാർത്ഥിത്വം പ്ലാച്ചിമട സമരത്തിലും പലവിധ പ്രതിഫനങ്ങൾ സൃഷ്ടിക്കുമെന്ന് വിലയിരുത്തപ്പെടുന്നു. തുടക്കം മുതൽ പ്ലാച്ചിമട സമരത്തിന്റെ അണിയറ ശില്പിയായി നിലകൊള്ളുന്ന വേണുഗോപാൽ സമരത്തിനെ വലിയ രീതിയിൽ പിന്തുണച്ചിരുന്ന പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ ഭരണകക്ഷിയായ ജനതാദളിനെതിരെയാണ് മത്സരിക്കുന്നത്. പ്ലാച്ചിമട സമരം തുടങ്ങി ഇത്രകാലവും നടന്ന തെരഞ്ഞെടുപ്പുകളിൽ മനസാക്ഷി വോട്ടുചെയ്തിരുന്ന തദ്ദേശീയർക്ക് മുന്നിൽ ഇതാദ്യമായി സമരസമിതിയിൽ നിന്നും ഒരാൾ മത്സരത്തിനെത്തുകയാണ്. പ്ലാച്ചിമട പ്രശ്നവുമായി നേരിൽ ബന്ധമില്ലാത്തതും എന്നാൽ പരസ്പര ബന്ധിതവുമായ ഏറെക്കാര്യങ്ങൾ മത്സരിക്കാനുള്ള തീരുമാനത്തെക്കുറിച്ച് വിളയോടി വേണുഗോപാലിന് പറയാനുണ്ട്.

**പ്ലാച്ചിമട സമരസമിതിയുടെ ചെയർമാനായ താങ്കൾ എന്തുകൊണ്ടാണ് ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായി തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തീരുമാനിച്ചത്?**

പ്ലാച്ചിമട സമരം തുടങ്ങുന്നതിന് മുമ്പുതന്നെ ഈ പ്രദേശം കേന്ദ്രീകരിച്ച് സാമൂഹിക പ്രവർത്തനം നടത്തുന്നയാളാണ് ഞാൻ. സമരം തുടങ്ങിയിട്ട് 13 വർഷങ്ങളല്ലേ അകുന്നുള്ളൂ. അതിനുമുന്നേ ഈ പ്രദേശത്തുള്ള പിന്നോക്ക ജനവിഭാഗങ്ങൾക്ക് വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന ആനുകൂല്യങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനും നിരക്ഷരരും നിരാലംബരുമായ ജനങ്ങളെ രാഷ്ട്രീയപാർട്ടികളും ഉദ്യോഗസ്ഥരും ചൂഷണം ചെയ്യുന്നതിനെതിരെയും ഞാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. റവന്യൂ പുറംപോക്കിലും കോളനികളിലുമായി താമസിക്കുന്ന ഭൂരഹിതരാണ് ഇവിടെ കൂടുതലുള്ളത്. മിക്ക തെരഞ്ഞെടുപ്പുകളിലും ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ ആളുകൾ അവരെ പലവിധത്തിലും സ്വാധീനിച്ച് തങ്ങൾക്ക് അനുകൂലമായി വോട്ടുചെയ്യിക്കുകയാണ് പതിവ്. ഇവരെ സ്വാശ്രിതരാക്കുന്നതിന് അവരാരും ശ്രമിക്കാറില്ല. വലിയരീതിയിൽ പൗരാവകാശ ധ്വംസനം നടക്കുന്ന ഒരു പ്രദേശമാണിത്. ജന്മി നാടുവാഴികളെപ്പോലെയാണ് കക്ഷിരാഷ്ട്രീയക്കാർ ഇവിടെയുള്ള ദരിദ്രരായ ജനങ്ങളോട് ഇടപെടുന്നത്. പ്രത്യേകിച്ച് ഈ പ്രദേശത്ത് വലിയ സ്വാധീനശക്തിയുള്ള ജനതാദളിന്റെ പ്രവർത്തകർ. അവരുടെ രാഷ്ട്രീയ ഫാസിസമാണ് ഇവിടെ നടക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യവും സംഘടനാ സ്വാതന്ത്ര്യവും അവർ ഇവിടെ അനുവദിക്കാറില്ല. ജനതാദളിന്റെ ഒരു പ്രമുഖ നേതാവ് എന്നോടുതന്നെ പറഞ്ഞത് കോള സമരമൊക്കെ കഴിഞ്ഞു, ഇനി ഈ മേഖലയിൽ പൊതുപ്രവർത്തനം നടത്താൻ നിൽക്കരുതെന്നായിരുന്നു. അത്രയ്ക്കും ധാർഷ്ട്യത്തോടെയാണ് അവർ ഇടപെടുന്നത്. ജനതാദൾ വർഷങ്ങളായി ഈ പ്രദേശത്ത് നടത്തിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ ഫാസിസത്തെയും ധാർഷ്ട്യത്തെയും എതിർക്കുന്നതിന് വേണ്ടിയാണ് ഞാൻ മത്സരിക്കാൻ തീരുമാനിച്ചത്.

**പ്ലാച്ചിമട സമരസമിതിയുടെ ചെയർമാൻ എന്ന നിലയിലാണ് താങ്കളെ കേരളത്തിന് സുപരിചിതം. സമര സമിതിയുടെ ഒരു പ്രതിനിധി എന്ന നിലയിലാണോ ഈ തെരഞ്ഞെടുപ്പിനെയും അഭിമുഖീകരിക്കുന്നത്?**

അല്ല. സമര സമിതിയുടെ സ്ഥാനാർത്ഥി എന്ന നിലയിലല്ല ഞാൻ നിൽക്കുന്നത്. പ്ലാച്ചിമട സമരവുമായി ബന്ധപ്പെട്ട വിഷയങ്ങളല്ല ഇവിടെ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നതും. ജനങ്ങളെ എക്കാലവും അടിമകളാക്കി അടക്കിനിർത്തുന്ന രാഷ്ട്രീയ ഫാസിസ്റ്റുകളുടെ കൊള്ളരുതായ്മകൾ തുറന്നുകാണിക്കുക എന്നതാണ് എന്റെ ഉദ്ദേശം. അതിനെതിരെ വോട്ടുചെയ്യാനാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. നിരക്ഷരരായ ജനങ്ങളെ കബളിപ്പിച്ച് കള്ളുലോബിയേയും കരാർ ലോബിയേയും സംരക്ഷിക്കുന്ന പെരുമാട്ടി പഞ്ചായത്തിലെ രാഷ്ട്രീയ ക്രിമിനലുകൾക്കെതിരെയാണ് ഈ പോരാട്ടം. മലയാളം തന്നെ അറിയാത്ത ജനങ്ങളാണ് കേരളത്തിന്റെ ഈ അതിർത്തി പഞ്ചായത്തിലുള്ളത്. കേരളത്തിലെ രാഷ്ട്രീയ സാഹചര്യങ്ങളെന്തെന്നും അവർക്ക് വലിയ പിടിയില്ല. വർഷങ്ങളായി അത് മുതലെടുത്തുകൊണ്ടിരിക്കുകയാണ് ജനതാദൾ. ഇക്കാര്യങ്ങൾക്കെതിരായി നിലകൊള്ളുന്നതുകൊണ്ട് എനിക്കെതിരെയും പ്ലാച്ചിമട സമരപ്രവർത്തകർക്ക് നേരെയും ഇവർ പലപ്പോഴും അക്രമം അഴിച്ചുവിട്ടിട്ടുണ്ട്. പ്ലാച്ചിമട സമരപന്തൽ കത്തിച്ചതും ആദിവാസികളുടെ വീടുകൾ അടിച്ചുപൊളിച്ചതുമെല്ലാം ഓർമ്മയുണ്ടല്ലോ. അതിനെല്ലാം നേതൃത്വം നൽകിയ ജനതാദളിന്റെ മുൻ പഞ്ചായത്ത് പ്രസിഡന്റ് സുരേഷിനെതിരെയാണ് ഞാൻ മത്സരിക്കുന്നത്.

**പ്ലാച്ചിമട സമരത്തിന് താങ്കളുടെ സ്ഥാനാർത്ഥിത്വം ഗുണകരമോ, ദോഷകരമോ? സ്വയം എങ്ങനെയാ**

ണ് വിലയിരുത്തുന്നത്?**

ഞാൻ സൂചിപ്പിച്ചല്ലോ, പ്ലാച്ചിമട സമരവുമായി ബന്ധപ്പെട്ടല്ല ഞാൻ നിൽക്കുന്നത്. ഈ പഞ്ചായത്തിൽ ജനതാദൾ നടത്തുന്ന എല്ലാ ക്രിമിനിൽ-മാഫിയ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന സുരേഷിനെതിരെ മത്സരിച്ചുകൊണ്ട് അക്കാര്യങ്ങൾ തുറന്നുകാണിക്കാനാണ് ശ്രമിക്കുന്നത്. മാഫിയകൾക്കെതിരായ പോരാട്ടത്തിൽ എത്രത്തോളം ജനപിന്തുണയുണ്ടെന്ന് എനിക്ക് അറിയണമെന്നുണ്ട്.

**കോൺഗ്രസ്, ബി.ജെ.പി തുടങ്ങിയ കക്ഷികൾ സ്വന്തം സ്ഥാനാർത്ഥിയെ നിർത്താതെ ജനതാദളിനെതിരായ മത്സരത്തിൽ താങ്കൾക്ക് പൂർണ്ണ പിന്തുണ നൽകിയിരിക്കുകയാണല്ലോ. എന്തായിരുന്നു അവരുടെ പിന്തുണ സ്വീകരിക്കാനുള്ള കാരണം? പ്രത്യേകിച്ച് ഇപ്പോൾ പ്ലാച്ചിമട സമരം ഉന്നയിക്കുന്ന കാര്യങ്ങളോട് ഒട്ടും അനുകമ്പ പ്രകടിപ്പിക്കാത്ത രാഷ്ട്രീയ പാർട്ടികളോട് എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു നിലപാട്?**

മുമ്പ് പറഞ്ഞ കാര്യം തന്നെയാണ് പറയാനുള്ളത്. പ്ലാച്ചിമട വിഷയമുന്നയിച്ചല്ല ഞാൻ നിൽക്കുന്നത്. പ്ലാച്ചിമട സമരത്തിന് എല്ലാ രാഷ്ട്രീയ പാർട്ടികളും പിന്തുണ നൽകിയിട്ടുണ്ട്. പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും സമരപ്പന്തലിൽ വന്നിട്ടുണ്ട്. ജനതാദളും സഹകരിച്ചിട്ടുണ്ട്. സമരത്തിന് പ്രത്യക്ഷത്തിൽ എതിരായി നിൽക്കുന്നവർ ആരുമില്ല. ഇപ്പോൾ അതല്ല ഇവിടെ വിഷയം. വളരെ പ്രാദേശികമായ പ്രശ്നങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്. എന്നാലും അതിവിടെ പ്രധാനമാണ്. പെരുമാട്ടിയിൽ ജനതാദൾ നടത്തുന്ന രാഷ്ട്രീയ ഫാസിസത്തെ എതിർക്കുക എന്നതിൽ കോൺഗ്രസിനും ബി.ജെ.പിക്കും അനുകൂല നിലപാടാണുള്ളത്. അതുകൊണ്ടാണ് അവർ എനിക്ക് പിന്തുണനൽകിയത്.

**പന്തലിൽ രാഷ്ട്രീയ പിന്തുണയുമായി ആരെല്ലാം എത്തി എന്നതല്ല ഞാൻ ഉദ്ദേശിച്ചത്. പ്ലാച്ചിമട സമരം ഇപ്പോൾ ഉന്നയിക്കുന്ന കാര്യങ്ങളോട്, പ്രത്യേകിച്ച് പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ താങ്കൾക്ക് പിന്തുണ നൽകുന്ന പാർട്ടികൾക്ക് നിലപാടില്ലല്ലോ?**

പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കുന്നതിന് ഒരു രാഷ്ട്രീപാർട്ടിയും ആത്മാർത്ഥമായി ശ്രമിക്കുന്നില്ല എന്നതാണ് സത്യം. ആരും മെച്ചമല്ല. കൊക്കക്കോളയ്ക്കെതിരെ നടപടി വരുന്നതിൽ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും വിഷമമുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കുറച്ചുകൂടി പ്രാദേശികമായ വിഷയങ്ങളാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ രൂപീകരണമെല്ലാം സംസ്ഥാന-ദേശീയ തലങ്ങളിൽ തീരുമാനിക്കപ്പെടേണ്ട കാര്യമാണ്. അതിനായി പ്ലാച്ചിമട സമരം തുടരുക തന്നെ ചെയ്യും. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുന്നതുമായി ബന്ധപ്പെട്ട് ഞാൻ ഉന്നയിക്കുന്ന വിഷയത്തിൽ, അതായത് ജനതാദളിന്റെ രാഷ്ട്രീയ ഫാസിസം ഇവിടെ അവസാനിപ്പിക്കുക എന്നതിൽ കോൺഗ്രസിനും ബി.ജെ.പിക്കും താത്പര്യമുണ്ട്. അതുകൊണ്ടാകാം അവർ സ്ഥാനാർത്ഥിയെ നിർത്താതെ എന്നെ പിന്തുണയ്ക്കാൻ തീരുമാനിച്ചത്.

**പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കുന്നതിന് മുൻകൈയെടുക്കാത്ത രാഷ്ട്രീയ കക്ഷികൾ തെരഞ്ഞെടുപ്പിൽ താങ്കൾക്ക് പിന്തുണ നൽകുന്നത് സമരത്തിന് ദോഷകരമാകുമോ?**

പ്രാദേശികമായ ചില വിഷയങ്ങളിലുള്ള പിന്തുണ മാത്രമാണിത്. ഇവിടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും മാഫിയാ താത്പര്യങ്ങളും ജനവിരുദ്ധതയും തുറന്നുകാണിച്ചുകൊണ്ട് പ്രവർത്തിക്കുന്നയാളാണ് ഞാൻ. അതുകൊണ്ടുതന്നെ എല്ലാവർക്കും എന്നോട് ശത്രുതയുമുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസും ജനതാദളും ഇവിടെ ഒരുമിച്ചാണല്ലോ മത്സരിച്ചത്. ഇപ്പോൾ അവർ തമ്മിൽ തെറ്റി. ഈ മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾക്കൊന്നും അത്തരത്തിലുള്ള ധാർമ്മികതയില്ല. പിന്നെ കോൺഗ്രസിനും ബി.ജെ.പിക്കും പോലും പ്രവർത്തിക്കാൻ കഴിയാത്തതരത്തിൽ ജനതാദൾ ഇവിടെ നടത്തുന്ന ഏകാധിപത്യം ചോദ്യം ചെയ്യുന്നതിൽ ആ പാർട്ടികൾക്ക് താത്പര്യമുണ്ട്. അതുകൊണ്ട് അവർ എന്നെ പിന്തുണയ്ക്കുന്നു. അതിനർത്ഥം നാളെ കോൺഗ്രസോ ബി.ജെ.പിയോ അഴിമതി കാണിച്ചാൽ ഞാൻ മിണ്ടാതിരിക്കുമെന്നല്ല. ഈ പിന്തുണയ്ക്ക് പിന്നിൽ അങ്ങനെയൊരു ധാരണയില്ല.

**പ്ലാച്ചിമട സമരവുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലനിൽക്കുന്ന പ്രധാന കേസിൽ (പഞ്ചായത്തിന് ലൈസൻസ് നൽകാനുള്ള അധികാരവുമായി ബന്ധപ്പെട്ട്) സുപ്രീംകോടതിയിൽ വാദം തുടരുകയാണല്ലോ. പെരുമാട്ടി പഞ്ചായത്ത് മുൻകൈയെടുത്ത ഈ കേസിൽ സമരസമിതിയും കക്ഷിചേർന്നിട്ടുമുണ്ട്. ജനതാദളിന്റെ പഞ്ചായത്ത് ഭരണസമിതിയാണ് കേസ് സജീവമായി നടത്തിയത്. ഇപ്പോൾ ജനതാദളിനെതിരെ താങ്കൾ മത്സരിക്കുന്നതുകൊണ്ട്, പഞ്ചായത്തിലെ ഭരണകക്ഷിയും സമരസമിതിക്കുമിടയിൽ ഒരു ഭിന്നതയുണ്ടാവുകയും കേസിന്റെ തുടർനടപടികളെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യുമോ?**

ഏത് പഞ്ചായത്ത് ഭരണസമിതി വന്നാലും കേസ് തുടരേണ്ടതുണ്ട്. കാരണം പഞ്ചായത്താണ് കേസിലെ കക്ഷി. ജനതാദളല്ല. കേസ് തുടരുന്നതിനൊന്നും ഞാൻ മത്സരിക്കുന്നത് തടസ്സമാകില്ല. അല്ലെങ്കിൽത്തന്നെ കേസിന്റെ കാര്യത്തിൽ ജനതാദളിന്റെ പ്രാദേശിക നേതൃത്വത്തിനൊന്നും ഒരു താത്പര്യവുമില്ല. വീരേന്ദ്രകുമാറിന്റെയെല്ലാം സമ്മർദ്ദഫലമായാണ് പഞ്ചായത്ത് അന്ന് കേസിന് പോയത്. കഴിഞ്ഞ കുറേ നാളുകളായി കേസിന്റെ കാര്യത്തിൽ പഞ്ചായത്ത് അനങ്ങുന്നതേയില്ല. അതിനുള്ള ധാർമ്മികതയൊന്നും അവർക്കില്ല. ഈ ഭരണസമിതിയിലെ അംഗങ്ങൾക്കെതിരെയുള്ള എത്രയോ കേസ് ഓംബുഡ്സ്മാനിൽ ഞങ്ങൾ വിജയിച്ചിട്ടുണ്ട്. അത്രയ്ക്ക് പ്രത്യക്ഷമായ അഴിമതിയാണ് ഇവിടെ നടക്കുന്നത്. ഇത് ചോദ്യം ചെയ്താൽ വീട്ടിൽ കയറി തല്ലും. ഇല്ലെങ്കിൽ നിങ്ങൾക്കുള്ള കുടിവെള്ളം വിതരണം നിർത്തിവയ്ക്കും. ഇത് എത്രകാലം അനുവദിച്ചുകൊടുക്കാൻ കഴിയും? ■